**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **05-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ പോലീസ് മൈതാനം സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന പയ്യന്നൂർ പോലീസ് മൈതാനം സംരക്ഷിച്ച് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക സ്മാരകമായി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; | (എ) | പയ്യന്നൂർ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് മൈതാനിയിൽ നിലവിൽ കേസിൽ ഉൾപ്പെട്ട് സൂക്ഷിച്ച് വരുന്ന വാഹനങ്ങൾ ലേലനടപടികൾ കൈക്കൊള്ളുന്നതിനായി ബന്ധപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിലെ ഉത്തരവ് വരുന്ന മുറയ്ക്കാണ് വാഹനങ്ങൾ ഗ്രൗണ്ടിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കുന്നത്. നിലവിൽ പയ്യന്നൂർ പോലീസ് സ്റ്റേഷന് കീഴിൽ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ അത്തരം വാഹനങ്ങൾ സൂക്ഷിക്കുന്നതിന് കോറോം വില്ലേജിൽ റവന്യൂ വകുപ്പിനു കീഴിൽ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് ഡമ്പിംഗ് യാർഡ് ആയി ഉപയോഗിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുമുണ്ട്. പ്രസ്തുത സ്ഥലം അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് പയ്യന്നൂർ പോലീസ് മൈതാനിയിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ അവിടേയ്ക്ക് മാറ്റി പയ്യന്നൂർ പോലീസ് മൈതാനം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | വിവിധ കേസുകളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ